സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലായി അനുവദിച്ച സ്കൂളുകൾ

65(754) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലായി എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ; ഇവയുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം എത്ര കുട്ടികൾക്ക് അധികമായി പഠനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 246 സ്കൂളുകളാണ് ഹയർ സെക്കണ്ടറി മേഖലയിൽ അനുവദിച്ചിട്ടുള്ളത്.

ഗവൺമെന്റ്	–	63
എയ്ഡഡ്	–	161
സ്വാശ്രയം	–	22

(ബി) പുതിയതായി 27650 കുട്ടികൾക്ക് പ്ലസ് ടു പഠന സൗകര്യമൊരുക്കിയിട്ടുണ്ട്.

മലബാർ മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ

66(755) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റുന്നതിനായി എത്ര ഹയർ സെക്കണ്ടറി സ്കൂളുകളാണ് അനുവദിച്ചത് ; വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) അനുവദിക്കപ്പെട്ട സ്കൂളുകളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലബാർ മേഖലയിൽ 178 ഹയർ സെക്കണ്ടറി സ്കൂളുകളാണ് അനുവദിച്ചത്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സൃഷ്ടിച്ചിട്ടില്ല.

(സി) കുട്ടികളുടെ എണ്ണം പരിശോധിച്ച് തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly